സിവർ ലൈനും ഓരേ റോഡിൽ സ്ഥാപിക്കുമ്പോൾ മതിയായ അകലം ഉറപ്പു വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മലിനജലം കിടക്കുന്ന സ്ഥലങ്ങളിൽ പൈപ്പ് പൊട്ടലോ ചോർച്ചയോ സംഭവിച്ചാൽ അടിയന്തിരമായി ആവശ്യമായ കേടുപാടുകൾ തീർക്കുന്നുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാനത്തുടനീളമുള്ള "ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾ" സ്ഥിരമായി പരിശോധന നടത്തുന്നുണ്ട്.

## ഭൂഗർഭജലം

40 (190) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭജലം എത്രയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇതിൽ നിന്നും ഓരോവർഷവും എത്ര മാത്രം ഗാർഹികാവശ്യങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) കാർഷികാവശ്യങ്ങൾക്ക് ഇതിൽ എത്ര ജലം ഉപയോഗിക്കുന്നുണ്ട് ;

(ഡി) കൂടുതൽ ഭൂഗർഭജലം ഉപയോഗയോഗ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) 1992-ലെ കണക്കനുസരിച്ച് 7900 മില്യൻ ക്യുബിക് മീറ്റർ

(ബി) ഇതിൽ ഗാർഹികാവശ്യത്തിന് ആകെ ഭൂജലത്തിന്റെ 15 ശതമാനം ഉപയോഗിക്കുന്നു എന്നാണ് കണക്ക്.

(സി) 6268.97 എം.സി.എ. ജലം കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കണക്കാക്കിയിരിക്കുന്നു.

(ഡി) കൂടുതൽ ഭൂഗർഭജലം ഉപയോഗിക്കുവാൻ ഭൂജലവകുപ്പ് വിവിധ തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. കിണർ, കുഴൽക്കിണർ എന്നിവയുടെ സ്ഥാനനിർണ്ണയം, ഡിസൈൻ, കുഴൽക്കിണറുകളുടെ നിർമ്മാണം എന്നിങ്ങനെ എല്ലാവിധ സാങ്കേതിക സഹായവും വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്നു. ചെറുകിട നാമമാത്ര കർഷകർക്ക് 50 ശതമാനം സബ്സിഡിയോടുകൂടി കൃഷി ആവശ്യത്തിനായി കുഴൽക്കിണർ നിർമ്മിച്ചുകൊടുക്കുന്നു. ജില്ലാപഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന കുഴൽ കിണർ നിർമ്മാണ പദ്ധതികൾക്ക് ഭൂജലവകുപ്പ് സ്ഥാനനിർണ്ണയം, നിർമ്മാണം തുടങ്ങി ആവശ്യമായ എല്ലാ സാങ്കേതിക സഹായവും നൽകുന്നു. കേടായികിടക്കുന്ന കുഴൽക്കിണർ

LIBRARY ARCHIVES Kerala Legislative Assembly

ഹാന്റ് പമ്പുകൾ എന്നിവ നന്നാക്കുന്നതിന് ആവശ്യമായ നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ കളക്ടർമാർ തുടങ്ങിയവർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് സ്വീകരിക്കുന്നു. ഇതിനുപുറമേ ഇപ്പോൾ പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന രണ്ടുപേർക്ക് ഹാന്റ് പമ്പ് നന്നാക്കുന്നതിനുള്ള പരിശീലനവും ഭൂജലവകുപ്പ് നൽകി വരുന്നു.

**ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്ന സംഭവം**

41 (191) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിരന്തരമായി ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇത് മൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുടനീളം കിലോ മീറ്ററുകളോളം സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ അങ്ങിങ്ങായി വല്ലപ്പോഴും പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ പഠനം നടത്തി വിലയിരുത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിൽ കുമ്മി, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിലും കൊച്ചിയിൽ ജി.ആർ.പി. പൈപ്പിലും ഉണ്ടായ പൊട്ടലുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കുമ്മി, കൂട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പ്രധാന ശുദ്ധജലവിതരണ പൈപ്പുകളിലെ സ്ഥിരം പരിപാലനത്തിന്റെ കുറവ് നികത്തുന്നതിനായി പൈപ്പ് ലൈൻ പരിപാലന സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ സർവീലിയൻസ് യൂണിറ്റ് രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

കൊച്ചിയിലുണ്ടായ പൊട്ടലിനെക്കുറിച്ച് അന്വേഷണം നടത്തിയതിൽ നിന്നും ജി.ആർ.പി. പൈപ്പ് സ്ഥാപിച്ചിരുന്ന സൈറ്റിന്റെ പ്രത്യേക സാഹചര്യമാണ് പൊട്ടലുകൾ ഉണ്ടാകുന്നതെന്ന് വിലയിരുത്തി.

LIBRARY ARCHIVES Kerala Legislative Assembly